ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:07.08.2025

## പ്രധാനവാർത്തകൾ

1. കർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിൽ രാജ്യം വിട്ടുവീഴ്ച ചെയ്യില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. എം.എസ്. സ്വാമിനാഥൻ ജന്മശതാബ്ദി അന്താരാഷ്ട്ര സമ്മേളനത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യു.

2. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്കും സാംസ്കാരിക സ്വത്വത്തിനും കൈത്തറി മേഖല നൽകിയ സംഭാവനകളെ ആദരിച്ച് ഇന്ന് ദേശീയ കൈത്തറി ദിനം.

3. വർഷകാല സമ്മേളനം നടക്കുന്ന പാർലമെന്റിൽ വിവിധ വിഷങ്ങളെ ചൊല്ലി ഇന്നും പ്രതിപക്ഷ ബഹളം. ഇരുസഭകളുടെയും നടപടികൾ തടസ്സപ്പെട്ടു.

4. പ്രളയം, കോവിഡ് തുടങ്ങിയ വെല്ലുവിളികൾ നേരിടാൻ സംസ്ഥാനത്തിൻറെ ശാസ്ത്ര സാങ്കേതിക മേഖല നിർണായക പങ്ക് വഹിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.

5. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നതിനുള്ള തീയതി ഈ മാസം 12 വരെ നീട്ടി.

6. ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് മത്സരങ്ങളുടെ മൂന്നാം പതിപ്പ് ഇന്ന് ആരംഭിക്കും.

&&&&&&&&&&&&&&&&&&&&&&&&&

RNU TVPM

## പ്രധാനമന്ത്രി -കർഷകർ (ഇൻട്രോ)

കർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിൽ രാജ്യം ഒരിക്കലും വിട്ടുവീഴ്ച ചെയ്യില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ എം.എസ്. സ്വാമിനാഥൻ ജന്മശതാബ്ദി അന്താരാഷ്ട്ര സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഭക്ഷ്യോൽപ്പാദനത്തിൽ രാജ്യത്തെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ വ്യക്തിയാണ് ഡോ.എം എസ്. സ്വാമിനാഥൻ എന്ന് പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&

## രാഷ്ട്രപതി-പ്രധാനമന്ത്രി കൈത്തറി (ഇൻട്രോ)

RNU TVPM

ഇന്ന് ദേശീയ കൈത്തറി ദിനം. കഴിഞ്ഞ പത്ത് വർഷത്തിനിടെ രാജ്യമെമ്പാടും കൈത്തറി മേഖലയ്ക്ക് പുതിയൊരു സ്വത്വവും ശക്തിയും ലഭിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

(ഹോൾഡ്)

ദിനാഘോഷത്തിൻറെ ഭാഗമായി ന്യൂഡൽഹിയിൽ ടെക്സ്റ്റൈൽസ് മന്ത്രാലയം സംഘടിപ്പിച്ച പരിപാടി കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ് ഉദ്ഘാടനം ചെയ്തു. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്കും സാംസ്കാരിക സ്വത്വത്തിനും രാജ്യത്തെ കൈത്തറി മേഖല നൽകിയ സംഭാവനകളെ ആദരിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. മികച്ച നെയ്ത്തുകാർക്ക് സന്ത് കബീർ കൈത്തറി പുരസ്കാരം, ദേശീയ കൈത്തറി പുരസ്കാരം എന്നിവയും സമ്മാനിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## പി.രാജീവ്-കൈത്തറി ദിനം

ദേശീയ കൈത്തറി ദിനമായ ഇന്ന് കേരളത്തിലും വിവിധ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി പി. രാജീവ് തിരുവനന്തപുരത്ത് നിർവഹിക്കും. കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള അവാർഡ് വിതരണവും തൊഴിലാളികളെ ആദരിക്കലും മന്ത്രി വി. ശിവൻകുട്ടി നിർവ്വഹിക്കും. ദിനാഘോഷങ്ങളുടെ ഭാഗമായി കണ്ണൂർ വിവേഴ്സ് സർവീസ് സെന്ററിന്റെ നേതൃത്വത്തിൽ കരിവെള്ളൂർ കൈത്തറി സഹകരണ സംഘത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## പാർലമെൻറ്

വർഷകാല സമ്മേളനം നടക്കുന്ന പാർലമെന്റിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്നും നടപടികൾ തടസപ്പെട്ടു. ഇരുസഭകളും ഉച്ചക്ക് രണ്ടു മണി വരെ നിർത്തി വച്ചു. 12 മണി വരെ നിർത്തി വച്ചിരുന്ന ലോക്സഭയിൽ, നടപടിക്രമങ്ങൾ പുനരാരംഭിച്ചപ്പോഴും ബീഹാറിലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉന്നയിച്ച് പ്രതിപക്ഷം പ്രതിഷേധം തുടരുകയായിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&

## വോട്ടർ പട്ടിക (ഇൻട്രോ)

സംസ്ഥാനത്ത് തദ്ദേശതിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നതിനുള്ള തീയതി ഈ മാസം 12 വരെ നീട്ടിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു. സമയ പരിധി ഇന്ന്

RNUTVPM

അവസാനിക്കാനിരിക്കെയാണ് തീയതി നീട്ടിയത്. ഈ മാസം 30 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

**വിശദാംശങ്ങളിലേയ്ക്ക്............**

(വോയിസ്)

## വോട്ടർ പട്ടിക (വോയിസ്)

2025 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാം. വോട്ടർപട്ടികയിൽ പുതുതായി പേരു ചേർക്കുന്നതിനും തിരുത്തുന്നതിനും സ്ഥാനമാറ്റം വരുത്തുന്നതിനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ sec.kerala.gov.in വെബ് സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കണം. ഓൺലൈനായി അപേക്ഷിക്കുമ്പോൾ ഹീയറിംഗിനുള്ള നോട്ടീസ് ലഭിക്കും. നോട്ടീസിൽ പറഞ്ഞിട്ടുള്ള തീയതിയിൽ ആവശ്യമായ രേഖകൾ സഹിതം ഹീയറിംഗിന് നേരിട്ട് ഹാജരാകണം. ആക്ഷേപങ്ങളിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിക്കുന്ന നടപടിക്കെതിരെ തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അപ്പീൽ നൽകാം. ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകമാണ് അപ്പീൽ നൽകേണ്ടത്.

ന്യൂസ് ഡെസ്ക്ക് ആകാശവാണി......

&&&&&&&&&&&&&&&&&&&&&&&&&

## ആർ ആൻഡ് ഡി

പ്രളയം, കോവിഡ് തുടങ്ങിയ വെല്ലുവിളികളെ നേരിടാൻ സംസ്ഥാനത്തിൻറെ ശാസ്ത്ര സാങ്കേതിക മേഖല നിർണായക പങ്ക് വഹിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ R & D സമ്മിറ്റ്

PNU TVPM

തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ളവയിൽ മികച്ച മുന്നേറ്റം നേടാൻ സാങ്കേതിക വിദ്യ ഏറെ സഹായകമായെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്

17-മത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. ഈ മാസം 21 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. സെപ്റ്റംബർ 9 നാണ് തെരഞ്ഞെടുപ്പ്. രാജ്യസഭയിലെ തിരഞ്ഞെടുക്കപ്പെട്ടതും, നാമനിർദ്ദേശം ചെയ്യപ്പെട്ടതുമായ അംഗങ്ങൾ, ലോക്സഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&

RNU TVPM

## മുഖ്യമന്ത്രി -പുനർഗേഹം (ഇൻട്രോ)

തിരുവനന്തപുരം മുട്ടത്തറയിൽ, ഫിഷറീസ് വകുപ്പിന്റെ 'പുനർഗേഹം' പദ്ധതി പ്രകാരം നിർമ്മിച്ച 332 ഫ്ലാറ്റുകളുടെ താക്കോൽ ദാനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ അതിജീവനത്തിനും സുരക്ഷയ്ക്കും ഊന്നൽ നൽകുന്ന ഒരു സുപ്രധാന പദ്ധതിയാണ് പുനർ ഗേഹം.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്......**

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&

## യശ്വന്ത് വർമ്മ - സുപ്രീംകോടതി

കണക്കിൽപ്പെടാത്ത പണം കണ്ടെത്തിയ കേസിൽ, ആഭ്യന്തര അന്വേഷണ സമിതി റിപ്പോർട്ട് ചോദ്യംചെയ്ത് ജസ്റ്റിസ് യശ്വന്ത് വർമ്മ സമർപ്പിച്ച റിട്ട് ഹർജി സുപ്രീംകോടതി തള്ളി. സംഭവത്തിൽ അന്നത്തെ ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന ആഭ്യന്തര അന്വേഷണത്തിന് ഉത്തരവിടുകയും ജസ്റ്റിസ് വർമയെ സ്ഥാനത്തുനിന്ന് നീക്കാൻ ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. ഇതിനെതിരെ സമർപ്പിച്ച ഹർജിയാണ് ജസ്റ്റിസുമാരായ ദീപാങ്കർ ദത്ത, അഗസ്റ്റിൻ ജോർജ് മസീഹ് എന്നിവരടങ്ങിയ ബെഞ്ച് തള്ളിയത്.

&&&&&&&&&&&&&&&&&&&&&&&&&

## കാസർഗോഡ് (ഇൻട്രോ)

ബംഗാൾ ഉൾക്കടലിൽ നടക്കുന്ന അന്താരാഷ്ട്ര സമുദ്ര ഗവേഷണത്തിനുള്ള സംഘത്തിൽ കാസർഗോഡ് സ്വദേശിയായ ഡോ.വി.സുധീഷും. 8 രാജ്യങ്ങളിലെ 17 ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള സംഘത്തിലാണ് കാസർഗോഡ് കേരള കേന്ദ്ര സർവ്വകലാശാലയിലെ ടെക്നിക്കൽ ഓഫീസർ ഡോ.വി.സുധീഷ് അമേരിക്കൻ ശാസ്ത്ര സംഘാംഗമായി പ്രവർത്തിക്കുന്നത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി **പി.ജഗന്നിവാസൻ.....**
(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&

## ചെന്നൈ മാസ്റ്റേഴ്സ് -മത്സരങ്ങൾ

RNUTVPM

ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് 2025 മത്സരങ്ങൾ ഇന്ന് ആരംഭിക്കും. ഇന്നലെ ആരംഭിക്കാനിരുന്ന മത്സരം ചെന്നൈയിലെ ഹയാത്ത് റീജൻസിയിൽ ഉണ്ടായ തീപിടുത്തത്തെത്തുടർന്നാണ് ഇന്നത്തേക്ക് മാറ്റിയത്. ഈ മാസം 15 വരെയാണ് മത്സരം.

&&&&&&&&&&&&&&&&&&&&&&&&&

## ടാഗോർ ശ്രദ്ധാഞ്ജലി

മഹാകവി രബീന്ദ്രനാഥ ടാഗോറിൻറെ 84-ാാം ചർമവാർഷികദിനത്തിൽ രാജ്യം ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഇന്ത്യയിലെ ആദ്യത്തെ നോബേൽ സമ്മാന ജേതാവും തത്ത്വചിന്തകനുമായിരുന്ന ടാഗോറിൻ്റെ കൃതികൾ ജനനഹൃദയങ്ങളിൽ മായാത്ത മുദ്ര പതിപ്പിച്ചു. രാജ്യത്തിൻറെ ചരിത്രത്തിനും സംസ്കാരത്തിനും വിദ്യാഭ്യാസ മേഖലയിലുമെല്ലാം ടാഗോർ നൽകിയ സംഭാവനകൾ വളരെ വലുതാണ്.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&

## കുടുംബശ്രീ -മാ കെയർ

സംസ്ഥാനത്തെ സ്കൂളുകളിൽ കുടുംബശ്രീ ആരംഭിക്കുന്ന മാ കെയർ സ്റ്റോറിന്റെ സംസ്ഥാനതല ഉത്ഘാടനം തിരുവനന്തപുരം കരമന ഗേൾസ് സ്കൂളിൽ മന്ത്രി എം.ബി.രാജേഷ് നിർവഹിച്ചു. കുട്ടികൾക്ക് ആവശ്യമായ സാധനങ്ങൾ സ്കൂളിനുള്ളിലെ മാ കെയർ സ്റ്റോറിലൂടെ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സ്റ്റോർ ആരംഭിക്കുന്നതെന്ന് മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 413 പോയിന്റ് താഴ്ന്ന് 80,130 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 135 പോയിന്റ് നഷ്ടത്തിൽ 24,437 ലും വ്യാപാരം തുടരുന്നു.
സ്വർണ വില ഉയർന്നു. സ്വർണം ഗ്രാമിന് 20 രൂപ കൂടി 9,400 രൂപയും, പവന് 160 രൂപ ഉയർന്ന് 75,200 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ചില ഇടങ്ങളിൽ ഒറ്റപ്പെട്ട വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&

## മുലയൂട്ടൽ വാരാചരണം

ലോക മുലയൂട്ടൽ വാരാചരണം ഇന്ന് സമാപിക്കും. ജനിച്ച ആദ്യ മണിക്കൂറുകളിൽ തന്നെ കുഞ്ഞുങ്ങൾക്ക് മുലപ്പാൽ നൽകുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന ബോധവത്ക്കരണമാണ് വാരാചരണത്തിലൂടെ ലക്ഷ്യമിട്ടത്. മുലയൂട്ടലിന് മുൻഗണന നൽകുക, സുസ്ഥിര പിന്തുണാ സംവിധാനങ്ങൾ സൃഷ്ടിക്കുക എന്നതായിരുന്നു ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&